REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-07-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- കർണ്ണാടകയിലെ ഷിരൂരിൽ ലോറിക്ക് മുകളിൽ മണ്ണിടിഞ്ഞു വീണ് അപകടത്തിൽപെട്ട അർജ്ജുനെ രക്ഷിക്കാൻ, അടിയന്തര ഇടപെടലിന് മുഖ്യമന്ത്രി പിണറായി വിജയൻ ചീഫ് സെക്രട്ടറിക്ക് നിർദേശം നൽകി.
- സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു.
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത്ത് പരിപാടി ഈ മാസം 28-ന് ആകാശവാണിയിൽ പ്രക്ഷേപണം ചെയ്യും.
- ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാക്കിസ്ഥാനെ നേരിടും.

## വാർത്തകൾ വിശദമായി

കർണ്ണാടകയിലെ ഷിരൂരിൽ കുന്ന് ലോറിക്ക് മുകളിൽ ഇടിഞ്ഞു വീണ് അപകടത്തിൽപെട്ട ഡ്രൈവർ കോഴിക്കോട്ടെ അർജ്ജുനെ രക്ഷിക്കാൻ, അടിയന്തര ഇടപെടലിന് മുഖ്യമന്ത്രി പിണറായി വിജയൻ ചീഫ് സെക്രട്ടറി ഡോ. വി വേണുവിന് നിർദേശം നൽകി. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ചീഫ് സെക്രട്ടറി സംഭവസ്ഥലത്തെ ജില്ലാ കലക്ടറുമായും പോലീസ് സൂപ്രണ്ടുമായും നിരന്തരം ബന്ധപ്പെടുന്നുണ്ട്.

തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കോഴിക്കോട് കലക്ടറെ ചുമതലപ്പെടുത്തിയതായി മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു.

✪✪✪

അർജ്ജുനെ രക്ഷിക്കാൻ, ശ്രമങ്ങൾ തുടരുകയാണെന്ന് മന്ത്രി K.B ഗണേഷ് കുമാർ അറിയിച്ചു. അപകട വിവരം അറിയാൻ വൈകിയെന്നും അടിയന്തര നടപടിക്ക് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയെന്നും മന്ത്രി പറഞ്ഞു.

കനത്ത മഴ രക്ഷാപ്രവർത്തനത്തിന് വെല്ലുവിളിയാണെന്ന് M.K. രാഘവൻ എം.പി. കോഴിക്കോട്ട് അറിയിച്ചു. കർണാടകയിലെ മന്ത്രിമാരുമായി M.K രാഘവനും രക്ഷാപ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

AICC ജനറൽ സെക്രട്ടറി K.C വേണുഗോപാലും കർണാടക മുഖ്യമന്ത്രി സിദ്ധ രാമയ്യയുമായി ഫോണിൽ സംസാരിച്ച് അടിയന്തിര ഇടപെടൽ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു.

എന്നാൽ, അങ്കോല മേഖലയിൽ പ്രളയ സമാനമായ സാഹചര്യമാണെന്നും അതിശക്തമായ മഴ രക്ഷാപ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നതായും മാധ്യമ റിപ്പോർട്ടുകൾ പറയുന്നു.

✪✪✪

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. തീവ്രമഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് കോഴിക്കോട്, വയനാട്,

കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. ചൊവ്വാഴ്ച വരെ മഴ തുടരുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പ്.

കാലവർഷത്തിൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കെടുതി രൂക്ഷമായി.

⭘⭘⭘

കണ്ണൂർ ജില്ലയിൽ കാലവർഷത്തിലും ശക്തമായ കാറ്റിലും ഇന്നലെയും ഇന്നുമായി മൂന്ന് വീടുകൾ പൂർണ്ണമായും 30 വീടുകൾ ഭാഗികമായും തകർന്നു. ജില്ലയിൽ നാല് ദുരിതാശ്വാസക്യാമ്പുകൾ ആണ് പ്രവർത്തിക്കുന്നത് 25 പേർ വിവിധ ക്യാമ്പുകളിലായി കഴിയുന്നുണ്ട്. വെള്ളം കയറിയ പ്രദേശങ്ങളിലെ നിരവധി കുടുംബങ്ങൾ ബന്ധുവീടുകളിലേക്ക് മാറി. കണ്ണൂർ താഴെചൊവ്വ കാനാമ്പുഴ നിറഞ്ഞൊഴുകുകയാണ്. ഇരുപതോളം കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു.

കണ്ണൂർ മാതമംഗലത്തിനടുത്ത് പെരുവാമ്പയിൽ ഒഴുക്കിൽപ്പെട്ടുവെന്ന് കരുതുന്ന സ്ത്രീയെ കണ്ടെത്താൻ തെരച്ചിൽ തുടരുകയാണ്.

⭘⭘⭘

കണ്ണൂർ പഴശ്ശി ഡാമിൻറെ 16 ഷട്ടറുകളിൽ 12 എണ്ണം പൂർണമായും തുറന്നു. നാല് ഷട്ടറുകൾ 100 cm കണ്ടുയർത്തി. ഡാമിലേക്കുള്ള നീരൊഴുക്ക് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഇരിക്കൂറിൽ റോഡരികിലെ മണ്ണിടിഞ്ഞു ഗതാഗതം തടസ്സപ്പെട്ടിട്ടില്ല.

✪✪✪

കോഴിക്കോട് ജില്ലയിൽ മഴക്കെടുതിയുമായി ബന്ധപ്പെട്ട് ജില്ലാ കലക്ടറുടെ ചേംബറിൽ അവലോകന യോഗം ചേർന്നു കടൽക്ഷോഭമുണ്ടായ സ്ഥലങ്ങളിൽ സുരക്ഷാ നടപടി ശക്തമാക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ അടിയന്തിരമായി തയ്യാറാക്കാൻ ഇറിഗേഷൻ വകുപ്പിന് ജില്ലാ കലക്ടർ നിർദേശം നൽകി. ജില്ലയിലെ ദേശീയപാതകളിലെ വെള്ളക്കെട്ടുകൾക്ക് പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് കരാറുകാർക്ക് നിർദേശം നൽകി.

✪✪✪

കനത്ത കാറ്റും മഴയും കാരണം വൈദ്യുതി ശൃംഖലയ്ക്ക് വ്യാപക നാശനഷ്ടമുണ്ടായ സാഹചര്യത്തിൽ വൈദ്യുതി പുന:സ്ഥാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഇലക്ട്രിക്കൽ സർക്കിൾ തലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിച്ചു.

അതത് സർക്കിൾ പരിധിയിൽ വരുന്ന ഉപഭോക്താക്കൾക്ക് കൺട്രോൾ റൂം നമ്പരിലേക്ക് വിളിച്ച് പരാതി അറിയിക്കാൻ കഴിയും. പരാതി അറിയിക്കാൻ

ഇലക്ട്രിക്കൽ ഡിവിഷൻ അടിസ്ഥാനത്തിൽ വാട്സാപ് നമ്പരും വൈകാതെ നിലവിൽ വരും.

മഴക്കെടുതിയിൽ വൈദ്യുത വിതരണ സംവിധാനത്തിന് ഈ മാസം 15 മുതൽ 17 വരെ 37 കോടി 64 ലക്ഷം രൂപയുടെ നഷ്ടമുണ്ടായെന്ന് KSEB അറിയിച്ചു.

✪✪✪

ഡൽഹിയിൽ അന്തർ സംസ്ഥാന അവയവ കൈമാറ്റ തട്ടിപ്പ് സംഘത്തിലെ എട്ടുപേരെ പൊലീസ് പിടികൂടി. വ്യാജരേഖകൾ ഉപയോഗിച്ച് അഞ്ച് സംസ്ഥാനങ്ങളിൽ ഇവർ അവയവ കൈമാറ്റം നടത്തിയതായി പൊലീസ് പറഞ്ഞു.

✪✪✪

നീറ്റ്-യുജി പ്രവേശനപരീക്ഷ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് റാഞ്ചി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ വിദ്യാർത്ഥിനിയെ CBI അറസ്റ്റ് ചെയ്തു. 2023 ബാച്ചിലെ MBBS വിദ്യാർത്ഥിനി സുരഭി കുമാരിയാണ് ചോദ്യങ്ങൾക്ക് ഉത്തരം തയ്യാറാക്കി പരീക്ഷാ പേപ്പർ ചോർച്ചാ കേസിലെ പ്രതികൾക്ക് കൈമാറിയതെന്നാണ് സൂചന. സുരഭിയുടെ മൊബൈൽ ഫോണും, ലാപ്ടോപ്പും ഉൾപ്പെടെ ഉപകരണങ്ങൾ CBI പിടിച്ചെടുത്തു.

✪✪✪

ദേശീയ മയക്കുമരുന്ന് ഹെൽപ്പ് ലൈൻ 'മനസ്' 1933 ന് കേന്ദ്ര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. 'മനസ്' ഹെൽപ്പ് ലൈൻ വഴി, പൗരന്മാർക്ക് മയക്കുമരുന്ന് കടത്ത് സംബന്ധിച്ച വിവരങ്ങൾ പങ്കിടാനും കഴിയും.

ഖാലിസ്ഥാൻ ഭീകര പ്രവർത്തകൻ ലഖ്ബീർ സിംഗ് സന്ധു എന്ന ലാൻഡയുടെ അടുത്ത പങ്കാളിയെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. മധ്യപ്രദേശ് ബദ്വാനി സ്വദേശിയായ ബൽജീത് സിങ്ങാണ് പിടിയിലായത്.

പഞ്ചാബിലെ ലാൻഡയുടെ ഏജന്റുമാർക്ക് ആയുധങ്ങൾ വിതരണം ചെയ്യുന്നയാളാണ് ബൽജീത് സിംഗ് എന്നും ഈ ആയുധങ്ങൾ ഭീകരപ്രവർത്തനത്തിനും കൊള്ളയ്ക്കും ഉപയോഗിക്കാറുണ്ടെന്നും NIA അറിയിച്ചു.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത്ത് പരിപാടി ഈ മാസം 28-ന് ആകാശവാണിയിലും ദൂരദർശനിലും പ്രക്ഷേപണം ചെയ്യും. വരാനിരിക്കുന്ന മൻ കി ബാത്ത് പരിപാടിയിലേക്ക് ലഭിച്ച പ്രതികരണങ്ങളിൽ അദ്ദേഹം സംതൃപ്തി അറിയിച്ചു. സമൂഹ പരിവർത്തന ലക്ഷ്യത്തോടെ കൂട്ടായ പ്രയത്നങ്ങൾക്ക് സന്നദ്ധരാകുന്ന യുവാക്കളുടെ കാഴ്ചപ്പാടിൽ സന്തോഷമുണ്ടെന്നും പ്രധാനമന്ത്രി കുറിച്ചു.

ഉത്തർപ്രദേശിലെ ഖോണ്ട ട്രെയിൻ അപകടത്തിൽ മരണസംഖ്യ നാലായി. അപകടത്തിൽ 30 പേർക്ക് പരിക്കേറ്റതായി റെയിൽവെ അറിയിച്ചു. ഇന്നലെ ഉച്ചയ്ക്ക് ദിബ്രുഗഡിലേക്ക് പോവുകയായിരുന്ന ട്രെയിനിന്റെ 21 കോച്ചുകൾ പാളം തെറ്റിയാണ് അപകടം സംഭവിച്ചത്. ലഖ്നൗ ഗുവാഹത്തി പ്രധാന റെയിൽവേ പാതയുടെ

പുനരുദ്ധാരണം പുരോഗമിക്കുകയാണ്. ട്രെയിനുകൾ മറ്റ് റൂട്ടുകളിലേക്ക് തിരിച്ചുവിട്ടു.

✪✪✪

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, നെറ്റ്ഫ്ലിക്സ് ഇന്ത്യയുമായി ചേർന്ന് ഇന്ത്യയിലെ വോയ്സ് ഓവർ ആർട്ടിസ്റ്റുകൾക്കായി "ദ വോയ്സ് ബോക്സ്" എന്ന പേരിൽ നൈപുണ്യ വികസന പരിപാടി ആരംഭിക്കും. ഇതിനായി ധാരണാ പത്രം ഡൽഹിയിൽ ഒപ്പുവെച്ചു.

ഇംഗ്ലീഷ്, ഹിന്ദി, മലയാളം, മറാഠി, ബംഗാളി, തമിഴ്, തെലുങ്ക്, ഗുജറാത്തി ഭാഷകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വോയ്സ് ഓവർ ആർട്ടിസ്റ്റുകൾക്ക് വോയ്സ്ബോക്സ് പരിപാടിയിലൂടെ റെക്കഗ്നിഷൻ ഓഫ് പ്രയർ ലേണിംഗ് പരിശീലനം വാഗ്ദാനം ചെയ്യുന്നതാണ് പരിപാടി. കൊച്ചി ഉൾപ്പെടെ ഏഴ് പ്രധാന നഗരങ്ങളിൽ പരിപാടി സംഘടിപ്പിക്കും.

✪✪✪

മുൻവശത്തെ വിൻഡ് ഷീൽഡിൽ ഫാസ്ടാഗ് ഘടിപ്പിക്കാത്ത വാഹനങ്ങളിൽ നിന്ന് ഇരട്ടി ടോൾ ഈടാക്കുമെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചു. ഫാസ്ടാഗ് ഘടിപ്പിക്കാത്തത് ടോൾ പ്ലാസകളിൽ കാലതാമസത്തിന് കാരണമാകുകയും മറ്റ് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് നടപടി.

രാജ്യത്തെ വിമാനത്താവളങ്ങളിൽ പ്രവർത്തിക്കുന്ന കസ്റ്റംസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ കൊച്ചിൻ ഇന്റർനാഷണൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡും, നാഷണൽ അക്കാദമി ഓഫ് കസ്റ്റംസ്- ഇൻഡയറക്റ്റ് ടാക്സ് ആൻഡ് നാർക്കോട്ടിക്സും ധാരണാപത്രം ഒപ്പുവച്ചു. കാർഗോ ഇൻസ്‌പെക്ഷൻ പരിശീലനം, മയക്ക് മരുന്ന് ഉപയോഗം തടയുന്നതിന് പൊതുജനങ്ങൾക്കായി ബോധവത്കരണ ക്ലാസ്സുകൾ തുടങ്ങിയവയും ഇരു സ്ഥാപനങ്ങളും സഹകരിച്ച് നടത്തും.

ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റ് മത്സരം ഇന്ന് ശ്രീലങ്കയിലെ ദാംബുള്ളയിൽ ആരംഭിക്കും. നിലവിൽ ചാമ്പ്യന്മാരായ ഇന്ത്യ പാകിസ്ഥാനെ നേരിടും. വൈകീട്ട് 7 മണിക്കാണ് മത്സരം.

ആദ്യമത്സരത്തിൽ ഉച്ചക്ക് രണ്ടിന് ഗ്രൂപ്പ് എയിൽ UAE, നേപ്പാളിനെ നേരിടും.

ശ്രീലങ്കയ്ക്കെതിരായ T-20 പരമ്പരയിലെയും, ഏകദിനത്തിലെയും ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. T-20 യിൽ സൂര്യകുമാർ യാദവും ഏകദിനത്തിൽ രോഹിത്ത് ശർമ്മയുമാണ് ടീമിനെ നയിക്കുക. ശുഭ്മാൻ ഗിൽ ആണ് രണ്ട് ഫോർമാറ്റിലെയും വൈസ് ക്യാപ്റ്റൻ.

മലയാളി താരം സഞ്ജു സാംസൺ T-20 ടീമിൽ ഇടം പിടിച്ചു. രോഹിത് ശർമ, വിരാട് കോലി എന്നിവരും ഏകദിന ടീമിലുണ്ട്.

✪✪✪

ഖേലോ ഇന്ത്യ റൈസിംഗ് ടാലന്റ്- കീർത്തി - യുടെ രണ്ടാം ഘട്ടം കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ആധുനിക ITC ഉപകരണങ്ങളും, ആഗോളതലത്തിലെ മികച്ച സമ്പ്രദായങ്ങളും അടിസ്ഥാനമാക്കി താഴെത്തട്ടിലെ കഴിവുകൾ കണ്ടെത്തി പ്രതിഭകളെ പ്രോത്സാഹിപ്പിക്കുവാനാണ് സംരംഭം ലക്ഷ്യമിടുന്നതെന്ന് കായിക മന്ത്രാലയം അറിയിച്ചു. എല്ലാ സംസ്ഥാനങ്ങളിലുമായി 2024-25ൽ 20 ലക്ഷം മൂല്യനിർണയം നേടുകയാണ് പദ്ധതിയുടെ ലക്ഷ്യം.

✪✪✪

സാങ്കേതിക സർവ്വകലാശാലയുടെ സ്റ്റാർട്ട് അപ്പ് സെല്ലിന്റെ ആഭിമുഖ്യത്തിൽ മൂന്ന് ദിവസത്തെ ബൂട്ട് ക്യാംപ് കൊച്ചി മേക്കർ വില്ലേജിൽ ആരംഭിച്ചു. അക്കാഡമിക് രംഗത്തും സ്റ്റാർട്ട് അപ് രംഗത്തും ഉള്ള പ്രഗത്ഭർ വിവിധ സെഷനുകൾ നയിച്ചു.

✪✪✪

പെരുമ്പാവൂരിൽ നിയമ വിദ്യാർത്ഥിനിയെ കൊലപ്പെടുത്തിയ കേസിലെ പ്രതി അമീറുൾ ഇസ്ലാമിന്റെ വധശിക്ഷ സുപ്രീം കോടതി സ്റ്റേ ചെയ്തു. ഹർജിയിൽ സംസ്ഥാന ഗവൺമെന്റിന് സുപ്രീം കോടതി നോട്ടിസ് അയച്ചു.

നിയമ വിദ്യാർത്ഥിനിയെ ക്രൂരമായി കൊലപ്പെടുത്തിയ കേസിൽ അമറുൾ ഇസ്ലാമിന് വിചാരണക്കോടതി വിധിച്ച വധശിക്ഷ ഹൈക്കോടതി ശരിവെച്ചിരുന്നു. ഇതിനെതിരെയാണ് പ്രതി സുപ്രീം കോടതിയെ സമീപിച്ചത്. പ്രതിയുടെ മാനസിക നില സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കോടതി തൃശൂർ മെഡിക്കൽ കോളേജിനോട് നിർദേശിച്ചു.

✪✪✪

ബാലുശേരിയിൽ ക്വാറിക്ക് സമീപം ഒറ്റക്ക് താമസിക്കുന്ന വയോധികയുടെ കൂര പൊളിച്ചുമാറ്റാൻ ഉത്തരവിട്ട ബാലുശേരി പഞ്ചായത്ത് സെക്രട്ടറിയെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ വിളിച്ചു വരുത്തും.

അടുത്ത ബുധനാഴ്ച കോഴിക്കോട് ഗവ.ഗസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ പഞ്ചായത്ത് സെക്രട്ടറി നേരിട്ട് ഹാജരായി വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജൂനാഥ് ഉത്തരവിട്ടു.

✪✪✪

എറണാകുളത്ത് H-1N-1 ബാധിച്ച് നാല് വയസുകാരൻ മരിച്ചു. ആലങ്ങാട് ഒളനാട് സ്വദേശി സ്വദേശി ലിയോൺ ലിബു ആണ് മരിച്ചത്. ഇന്നലെയാണ് പനി ബാധിതനായ ലിയോണിനെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 360 രൂപ കുറഞ്ഞ് 54,520 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്. ഗ്രാമിന് 6,815 രൂപയായി.

✪✪✪

പാലക്കാട് കൊഴിഞ്ഞാമ്പാറയിൽ കുഴൽപണവുമായി യുവാവിനെ പോലീസ് പിടികൂടി. മലപ്പുറം താനൂർ സ്വദേശി മുഹമ്മദ് ഹാഷിം ആണ് പിടിയിലായത്.

✪✪✪

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കും. ഇതിനായി ലേലം ചൊവ്വാഴ്ച റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

✪✪✪

സ്പെയിനിലെ മാഡ്രിഡിൽ നടക്കുന്ന അന്താരാഷ്ട്ര സസ്യശാസ്ത്ര കോൺഗ്രസിൽ പങ്കെടുക്കാൻ തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിലെ രണ്ട് ഗവേഷക വിദ്യാർത്ഥിനികൾക്ക് അവസരം ലഭിച്ചു. ബോട്ടണി വിഭാഗത്തിലെ എം.സ്വേധ മാധവൻ, V.V. ദൃശ്യ എന്നിവർക്കാണ് അവസരം. ഈ മാസം 21 മുതൽ 27 വരെയാണ് ശാസ്ത്ര കോൺഗ്രസ്.

✪✪✪

ദക്ഷിണ വ്യോമസേന കമാൻഡ് സ്ഥാപിതമായതിന്റെ 40-ാം വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് പ്രദർശനങ്ങൾക്ക് തുടക്കമായി. ലോകപ്രശസ്തമായ

**വ്യോമസേനയുടെ എയർ വാരിയർ ഡ്രിൽ ടീമും സാരംഗ് ഹെലികോപ്റ്റർ ഡിസ്പ്ലേ ടീമും ശംഖുമുഖത്ത് ഇന്ന് സാഹസിക പ്രകടനം നടത്തും.**